പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *540 — 6.7.2012 ന് മറുപടിയ്ക്ക്.

## ജോബ് /പ്ലേസ്മെന്റ് പോർട്ടൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ഡി. സതീശൻ :<br>ശ്രീ. വി. റ്റി. ബൽറാം :<br>ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. പി.എ. മാധവൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) വ്യവസായ പരിശീലന വകുപ്പിന്റെ ജോബ്/പ്ലേസ്മെന്റ് പോർട്ടൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br><br>1. വ്യാവസായിക പരിശീലന വകുപ്പ് ഒരുക്കുന്ന ജോബ് പോർട്ടൽ, തൊഴിൽദായകർക്കും തൊഴിലന്വേഷകർക്കും പരസ്പരം ബന്ധപ്പെടുന്നതിനുള്ള ഒരു വേദിയാണ്.<br><br>2. ഐ.ടി.ഐ./ഐ.ടി.സി വിജയിച്ചവർക്ക് മാത്രമായി ആരംഭിച്ചിരിക്കുന്ന ഈ പോർട്ടലിൽ തൊഴിലന്വേഷകർക്ക് (വിദഗ്ദ തൊഴിലാളികൾക്ക്) സൗജന്യമായി രജിസ്റ്റർ ചെയ്യാവുന്നതാണ്. അവരുടെ തൊഴിൽ യോഗ്യതകൾ, പ്രവർത്തി പരിചയം കാലാകാലങ്ങളിൽ ആർജ്ജിക്കുന്ന യോഗ്യതകൾ, കോൺടാക്റ്റ് ഡീറ്റെയിൽസ് എന്നിവ രേഖപ്പെടുത്തുന്നതിനും അപ്ഡേറ്റ് ചെയ്യുന്നതിനും സൗകര്യമുണ്ട്.<br><br>3. 20,000 ത്തിലധികം തൊഴിലന്വേഷകരുടെ വിവരങ്ങൾ ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.<br><br>4. കമ്പനികൾക്ക് അവരുടെ തൊഴിലവസരങ്ങൾ പോസ്റ്റ് ചെയ്യാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.<br><br>5. കമ്പനികൾക്ക് കൃത്യവും വ്യക്തവുമായ ബയോഡേറ്റകൾ ലഭ്യമാക്കുന്നതുവഴി ആവശ്യാനുസരണം തൊഴിലാളികളെ തിരഞ്ഞെടുക്കുന്നതിനും തിരഞ്ഞെടുപ്പ് പ്രക്രിയ സുതാര്യമാക്കുന്നതിനും ഉള്ള അവസരം ഉണ്ടാകും. |

6. കേരളത്തിലെ എല്ലാ ഐ.ടി.ഐ. കളിലെയും കോഴ്സുകളുടെയും, സിലബസുകളുടെയും പൂർണ്ണ വിവരം ഇതിൽ ലഭ്യമാണ്.

7. രജിസ്റ്റർ ചെയ്യുന്നവർക്ക് ഇ-മെയിൽ മുഖേന ജോബ് അലേർട്ട് ലഭ്യമാക്കുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.

(ബി) ഐ റ്റി. ഐ. കളിൽ നിന്നും സർട്ടിഫിക്കറ്റ് നേടിയവർക്ക് ഇതിന്റെ ഗുണങ്ങൾ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശി ക്കുന്നത് എന്ന് വിശദീകരിക്കുമോ?

(ബി) ഐ.ടി.ഐ. പാസ്സാകുന്നവർക്ക് സൗജന്യമായി അവരുടെ യോഗ്യതകൾ ഈ പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്യാവുന്നതാണ്. കാലാകാലങ്ങളിൽ ആർജ്ജിക്കുന്ന യോഗ്യതകൾ, സർട്ടിഫിക്കറ്റുകൾ എന്നിവ കൂട്ടിച്ചേർക്കുന്നതിനും സൗകര്യം ഒരുക്കിയിട്ടുണ്ട്. തന്മൂലം അവരുടെ യോഗ്യതയ്ക്കനുസരിച്ച് മേന്മയുള്ള തൊഴിലവസരങ്ങൾ തിരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം ലഭ്യമാകുന്നു. തൊഴിൽ ദാതാക്കളുമായി നേരിട്ട് സമ്പർക്കം പുലർത്തുന്നതിനുള്ള ഒരു സുതാര്യ വേദിയായി ജോബ് പോർട്ടൽ പ്രവർത്തിക്കുന്നു.

സെക്ഷൻ ഓഫീസർ